ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം കേരളത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനംവകുപ്പ് 19002.26 ഏക്കർ ഭൂമി അനുവദിച്ചുതന്നിട്ടുണ്ട്. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്ന് ലഭ്യമായ കണക്കുപ്രകാരം 206.48 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. സർക്കാരിന്റെ കൈവശം 19002.26 ഏക്കർ ഭൂമിയുണ്ട്. 2606 അപേക്ഷകൾ ഇതുവരെ കിട്ടിയിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള അപേക്ഷകരുടെ എണ്ണവും ഭൂമിയുടെ വിസ്തീർണ്ണവും അനുബന്ധമായി ചേർക്കുന്നു.*

സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

264 (4255) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കലോൽത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ സംസ്ഥാന /ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് പ്രോത്സാഹന അവാർഡ് നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് എണ്ണൂറ് രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് അറുന്നൂറ് രൂപയും സംസ്ഥാനതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് ആയിരം രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് എണ്ണൂറ് രൂപയും പ്രോത്സാഹന അവാർഡ് നൽകിവരുന്നു.

(സി) മേൽപ്പറഞ്ഞ അവാർഡുകൾക്ക് അർഹരായവർ മത്സരങ്ങളിൽ കരസ്ഥമാക്കിയ സ്ഥാന സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

(ഡി) 2005 മുതൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്ല്യന്റ് സ്റ്റുഡന്റ് എന്ന ശീർഷകത്തിൽ നിന്നുമാണ് പദ്ധതി നടത്തിപ്പിനാവശ്യമായ തുക കണ്ടെത്തുന്നത്.

അട്ടപ്പാടി പാക്കേജ്

265 (4256) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 200 കോടി രൂപയുടെ അട്ടപ്പാടി പാക്കേജ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കുന്നത് ;

(ബി) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതികൾക്കും നീക്കിവെച്ച തുക എത്രയെന്നും ഉണ്ടായ ചെലവ് എത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഭൗതിക നേട്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുൻ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികൾ വിവിധ വകുപ്പുകൾ മുഖേനയാണ് നടപ്പാക്കിവരുന്നത്. പ്രധാനമായും പരമ്പരാഗത കൃഷി, സ്ത്രീ ശാക്തീകരണ പദ്ധതികൾ, പോഷകാഹാര വിതരണം, പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ മേഖലകളിലാണ് ടി പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) അട്ടപ്പാടിയിൽ പ്രത്യേകമായി നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെയും നീക്കിവച്ച തുകയുടെയും ചെലവിന്റെയും വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly